നം.ഇ.എസ്2/49915/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 01/11/2020

# സർക്കുലർ

വിഷയം :- ആ.വ.ഡ – ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി പ്രൊഫോർമ ലഭ്യമാക്കാത്തത് ഓർമ്മക്കുറിപ്പ് – സംബന്ധിച്ച്.

സൂചന:- സർക്കുലർ നം. ഇ. എസ്2/49915/20ആ.വ.ഡ, തീയതി. 16.07.2020

ആരോഗ്യ വകുപ്പിൽ 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി വിവിരങ്ങൾ ശേഖരിക്കുന്നതിന് സൂചന സർക്കുലർ പ്രകാരം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ജില്ലാ മെഡിക്കൽ ആഫിസർ, കൊല്ലം മാത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. അതിനാൽ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് കഴിയുന്നില്ല. സൂചന സർക്കുലറിൽ ആവശ്യപ്പെട്ടിരുന്നതുപോലെ വിവരങ്ങൾ 5 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം കൊല്ലം ജില്ലയിലുള്ളവരെ ഉൾപ്പെടുത്താതെ പട്ടിക പ്രസിദ്ധീകരിക്കേണ്ടിവരുന്നതും പിന്നീട് ഉൾപ്പെടുത്തേണ്ടിവരുന്നത് പ്രയോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർ വയനാട്, മലപ്പുറം എന്നിവർ PDF format ൽ അയച്ചു തന്നിട്ടുള്ള വിവരങ്ങൾ Excel format (Editable format)ൽ അയച്ചുതരേണ്ടതാണെന്നും അറിയിക്കുന്നു.

ഏതെങ്കിലും ജില്ലകളിൽ നിന്നും നൽകിയിട്ടുള്ള വിവരങ്ങൾ അപൂർണ്ണമാണെങ്കിലും 5 ദിവസത്തിനകം അറിയിക്കേണ്ടതാണ്.

പട്ടിക അന്തിമമാക്കി കഴിഞ്ഞതിനുശേഷം അടിസ്ഥാനരഹിതമായ, കൃത്യമായ കാരണങ്ങളില്ലാത്ത Inclusions ചെയ്യുന്നതല്ല എന്നും ഇതിനാൽ അറിയിക്കുന്നു.

Email ID: essectiondhs@gmail.com

Asokan K

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

1. സൂചന സർക്കുലർ
2. എക്സൽ ഷീറ്റ് മാതൃക

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യ വകുപ്പ് വെബ് സൈറ്റ് മുഖേന)

നം.ഇ.എസ്2/49915/20/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 16 /07/2020

# സർക്കുലർ

വിഷയം :- ആ.വ.ഡ – ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് – സംബന്ധിച്ച്.

സൂചന:- ഇ. എസ്2-85350/2017/ആ.വ.ഡ, തീയതി. 15.05.2019

സൂചന ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ 01.01.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി 01.01.2017 മുതൽ 31.12.2019 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ക്ലാർക്കുമാർ/ക്ലാർക്ക് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ക്ലാർക്ക്-ടൈപ്പിസ്റ്റുമാർ എന്നീ വിഭാഗം ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ യഥാവിധി പൂരിപ്പിച്ച് 10.08.2020 നകം സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപനമേധാവി ടി ജീവനക്കാരുടെ പി. എസ്. സി ശുപാർശ, നിയമന ഉത്തരവ്, ആശ്രിത നിയമനമെങ്കിൽ അത് സംബന്ധിച്ച ഉത്തരവുകൾ, സൂപ്പർ ന്യൂമററി തസ്തികയിലേക്കുള്ള നിയമനമാണെങ്കിൽ ആയത് സംബന്ധിച്ചുള്ള ഉത്തരവുകൾ എന്നിവയുടെ പകർപ്പ് സേവനപുസ്തകവും പ്രൊഫോർമയുമായി ഒത്തുനോക്കി വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി സംക്ഷിപ്തമായ ഒരു പട്ടിക തയ്യാറാക്കി അതാത് ജില്ലാ മെഡിക്കൽ ഓഫീസുകളിലേക്ക് പ്രൊഫോർമയും ബന്ധപ്പെട്ട രേഖകളും 20.08.2020 നകം സമർപ്പിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർസമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള എക്സൽ സ്പ്രെഡ്ഷീറ്റിൽ ടി വിവരങ്ങളുടെ സംക്ഷിപ്തരൂപം ഉൾക്കൊള്ളിച്ച് ആയത് ഇ-മെയിൽ മുഖാന്തിരം (E-mail ID – essectiondhs@gmail.com) 31.08.2020 നകം അയയ്ക്കേണ്ടതും പ്രൊഫോർമകളും സ്പ്രെഡ് ഷീറ്റിന്റെ ഹാർഡ്കോപ്പിയും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് തപാൽ മുഖേന അന്ന് തന്നെ അയയ്ക്കേണ്ടതുമാണ്. ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്കുമാരുടെ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ പേര്, മൊബൈൽ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

Asokan

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

പ്രൊഫോർമ

സ്വീകർത്താവ്

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ

## SENIORITY LIST OF CLERKS IN HEALTH SERVICES DEPARTMENT FOR THE PERIOD FROM 01/01/2017 TO 31/12/2019

**Name of District:**

| Sl. No | Rank no | Pen No. | Name | Date of birth | Qualification | Order No. date of advice of PSC/Govr order and appointment order No.& date (DHS & DMO) | Date of entry in service | Date reckond for seniority | Declaration of probation order No. & Date | Date of Department test passed | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |